"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് - ഗ്രാന്റ് ഇൻ എയ്ഡ് - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.**2046/2026/H&FWD** തീയതി,തിരുവനന്തപുരം, **18-06-2026**

---

പരാമർശം:-
1. **09.12.2008** തീയതിയിലെ സർക്കുലർ നമ്പർ **84/2008**/ധന
2. **29.08.2009** തീയതിയിലെ സർക്കുലർ നമ്പർ **75/2009**/ധന
3. **04.01.2021** തീയതിയിലെ സർക്കുലർ നമ്പർ **01/2021**/ധന
4. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ **01.04.2026, 17.04.2026** തീയതികളിലെ **KMSCL/FIN/11365/2023** നമ്പർ കത്തുകൾ

**ഉത്തരവ്**

**2026–27** സാമ്പത്തിക വർഷത്തിൽ സർക്കാർ ആശുപത്രികൾക്കും സ്ഥാപനങ്ങൾക്കും അവശ്യ മരുന്നുകൾ വാങ്ങുന്നതിനായി ബജറ്റിൽ വകയിരുത്തി നൽകിയിട്ടുള്ള **₹384.9120** കോടി രൂപയിൽ നിന്നും അവശ്യ മരുന്നുകളുടെ വിതരണം തടസ്സമില്ലാതെ തുടരുന്നതിനായി **₹200.00** കോടി അനുവദിച്ച് നൽകണമെന്ന് മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് പരാമർശം **(4)** പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. **2026–27** സാമ്പത്തിക വർഷം '**2210-80-190-99-00-36-00**- കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനുള്ള സഹായധനം-ശമ്പളേതരം **(NP)** എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **₹384.9120** കോടി രൂപയിൽ നിന്നും **₹200.00** കോടി, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കേരള

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഫണ്ട് ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ പാർക്ക് ചെയ്യാൻ പാടുള്ളതല്ല.

ii) ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. യാതൊരു കാരണവശാലും വക മാറ്റി ചെലവഴിക്കാൻ പാടില്ല.

iii) ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പ്രൊഫോർമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും അടുത്ത ഫണ്ട് റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

iv) പരാമർശം 1,2,3 സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEDEVI I B**

ജോയിന്റ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
3. ധനകാര്യ (പി.യു-ബി) വകുപ്പ് (05.06.2026-ലെ ബി1/57/2026-ധന പ്രകാരം)
4. വിവരപൊതുജന സമ്പർക്ക വകുപ്പ്
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എൻ2/109/2026-ആരോഗ്യം)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Nycy S
Date: 18-06-2026 15:17:47